# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 101** 28-04-2017-ൽ മറുപടി നൽകേണ്ടത്

## പൊതു വിദ്യാഭ്യാസരംഗത്ത് നിയന്ത്രണങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. എം. നൗഷാദ് | : | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ദേശീയതലത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്തെ മൂല്യശോഷണത്തിന് അനുസരണമായി സംസ്ഥാനത്തും, ഉന്നത വിദ്യാഭ്യാസ രംഗത്തും, സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ബാഹ്യശക്തികൾ നടത്തുന്ന ഇടപെടലുകൾ നിയന്ത്രിക്കാൻ പര്യാപ്തമായ നയം രൂപീകരിക്കാൻ തയ്യാറാകുമോ; | എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ബാഹ്യശക്തികളുടെ ഇടപെടലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) പൊതുവിദ്യാഭ്യാസരംഗത്ത് ആകെയും, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസരംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും കൂടുതൽ സർക്കാർകോളേജുകൾ സ്ഥാപിച്ച് ഈ മേഖലയിൽ നിയന്ത്രണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) പൊതുവിദ്യാഭ്യാസരംഗത്ത് ആകെയും, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ രംഗത്തും സാങ്കേതികവിദ്യാഭ്യാസരംഗത്തും കൂടുതൽ സർക്കാർകോളേജുകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| സി) വിദ്യാർത്ഥിസംഘടനകൾക്ക് | (സി) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ |

| | |
|---|---|
| നിർബാധം പ്രവർത്തിക്കാൻ നിയമപരമായി തന്നെ അവസരം ഒരുക്കി, ഇന്റേണൽ മാർക്കിന്റെ പേരിലും മറ്റുമുള്ള വിദ്യാർത്ഥിപീഡനങ്ങൾ അവസാനിപ്പിക്കുവാൻ വഴിയൊരുക്കുമോ? | വിദ്യാർത്ഥി സംഘടനകൾക്ക് നിർബാധം പ്രവർത്തിക്കാൻ നിയമപരമായി അവസരമുണ്ട്. സ്വാശ്രയമേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റീസ് കെ. കെ. ദിനേശൻ, ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി മേനോൻ എന്നിവർ അംഗങ്ങളായി ഒരു കമ്മീഷൻ 04-02-2017-ലെ സ.ഉ. (എം.എസ്) നം. 37/17/ഉ.വി.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. <br><br> അതോടൊപ്പം തന്നെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ച് നിലവിലുള്ള പരാതികളും, പിഴവുകളും ആശങ്കകളും അകറ്റും വിധം ഇതിന്റെ ഘടന കാലാനുസൃതവും ശാസ്ത്രീയവുമായി പുനഃക്രമീകരിക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ കൺവീനറും, എ.പി.ജെ. അബ്ദുൾകലാം കേരള സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ, കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ, എന്നിവർ അംഗങ്ങളുമായി ഒരു സമിതി സർക്കാർ ഉത്തരവ് സ.ഉ. (സാധാ) |

| | |
|---|---|
| | നം.179/17/ഉ.വി.വ തീയതി 03-02-2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ